കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃത്താലമണ്ഡലം- തൃത്താലമണ്ഡലത്തിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ way side park, മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലായി 18 Smart Bus Shelters എന്നിവയുടെ നിർമ്മാണം - ഭരണാനുമതിയിൽ ഭേദഗതി വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം.974/17/തസ്വഭവ | തിരുവനന്തപുരം, തീയതി :30.03.2017

പരാമർശം - 1. 25/02/2016-ലെ സ.ഉ (സാധാ) നം. 650/16/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 04/03/2016 -ലെ സ.ഉ (സാധാ) നം. 1161/16/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
3. ബഹു. എം.എൽ.എയുടെ 18/02/2017 തീയതിയിലെ കത്ത്.

**ഉത്തരവ്**

തൃത്താലമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി 18 Smart bus shelters സ്ഥാപിക്കുന്നതിന് സിഡ്കോയെ ചുമതലപ്പെടുത്തികൊണ്ട് **53.1 (അൻപത്തി മൂന്നുലക്ഷത്തി പതിനായിരം രൂപ മാത്രം) ലക്ഷം രൂപയ്ക്ക്** പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരവും നിർമ്മിതി കേന്ദ്ര മുഖേന പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ Wayside park നിർമ്മിക്കുന്നതിന് **30 ലക്ഷം (മുപ്പത് ലക്ഷം രൂപ മാത്രം)** രൂപയ്ക്ക് പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരവും ഭരണാനുമതി നൽകിയിരുന്നു.എന്നാൽ മേൽപ്രവർത്തികൾ ചെയ്യുന്നതിന് ഏകദേശം ഒരുവർഷമായിട്ടും സിഡ്കോയുടെ ഭാഗത്തുനിന്നും, നിർമ്മിതികേന്ദ്രയുടെ ഭാഗത്ത് നിന്നും യാതൊരു തരത്തിലുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം 3 ലെ കത്തിലൂടെ ബഹു. എം.എൽ.എ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഭരണാനുമതി നൽകിയ തുകയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയിൽ തൃത്താലമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി 18 Smart bus shelters സ്ഥാപിക്കുന്നതിന് **53.1 ലക്ഷം രൂപ (അൻപത്തി മൂന്നുലക്ഷത്തി പതിനായിരം രൂപ മാത്രം)**, തൃത്താലമണ്ഡലത്തിലെ പട്ടിത്തറ പഞ്ചായത്തിൽ 'Wayside park in Pattithara' - **30 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ മാത്രം)**, എന്നീ പ്രവർത്തികൾക്ക് നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 1 ലെയും, 2 ലെയും, ഭരണാനുമതി ഉത്തരവുകൾ ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
മാനേജർ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരം
മാനേജർ,നിർമ്മിതികേന്ദ്രം,തിരുവനന്തപുരം
മാനേജർ, സിഡ്കോ മാർക്കറ്റിംഗ് സെന്റർ,ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,മഞ്ചേരി,മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,പട്ടിത്തറഗ്രാമപഞ്ചായത്ത്/തിരുമിട്ടകോട്ഗ്രാമപഞ്ചായത്ത്/തൃത്താല ഗ്രാമപഞ്ചായത്ത്/
നാഗലശ്ശേരിഗ്രാമപഞ്ചായത്ത്/പരുതൂർഗ്രാമപഞ്ചായത്ത്/കപ്പൂർഗ്രാമപഞ്ചായത്ത്/
ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്/ആനക്കര ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ